നം.കെഎസ്എ-കെടിഎം.പി.9/967/2016 തീയതി 12.07.2016

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13**, **1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 15 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീവർഗ്ഗീസ്ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	28/06/2016 മുതൽ 07/072016 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ. കെ. വി.സന്തോഷ്	ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
	ശ്രീമതി. സ്മിത ജി. നായർ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ. സുമേഷ് പി.വി. ശ്രീ. ലൂക്കോസ് കുര്യൻ	സീനിയർ ഗ്രേഡ് ഓഡിറ്റർ ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി സെലീനാമ്മ ജോർജ്ജ്	01/04/14 മുതൽ 31/03/15 വരെ
സെക്രട്ടറി	ശ്രീ.രാജേഷ് ടി. വർഗീസ്	01/04/14 മുതൽ 31/03/15 വരെ

നിർവ്വഹണഉദ്യോഗസ്ഥർ

അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.രാജരാജേശ്വരി എസ്	01/04/14 മുതൽ 31/03/15 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ.റോസിലി തോമസ്	01/04/14 മുതൽ 31/03/15 വരെ
വെറ്ററിനറി സർജൻ	ഡോ.മഞ്ജു സെബാസ്റ്റ്യൻ	01/04/14മുതൽ31/03/15വരെ
കൃഷി ഓഫീസർ	ശ്രീ.കെ.പ്രദീപ് കുമാർ	01/04/14മുതൽ31/03/15വരെ
വി.ഇ.ഒ	ശ്രീ.മനോജ് മുകുന്ദൻ	01/04/14മുതൽ31/03/15വരെ
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	ശ്രീമതി ശോഭന എ. പി.	01/04/14മുതൽ31/03/15വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	ഡോ.രേണു ആർ.	01/04/14മുതൽ31/03/15വരെ
മെഡിക്കൽഓഫീസർ, ഹോമിയോ	ഡോ. കെ.ജെ.ഓമന	01/04/14മുതൽ 31/03/15വരെ

ഡയറി എക്സ്റ്റൻഷൻ ഓഫീസർ	കെ. ജയലക്ഷ്മി	01/04/14മുതൽ31/03/15വരെ

ഉള്ളടക്കം

ഭാഗം 1-പൊതു അവലോകനം	ഖണ്ഡിക നമ്പർ
ബജറ്റ്	1-1
വാർഷിക ധനകാര്യപത്രിക	1-2
വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	1-3
സാമ്പത്തിക വിശകലനം	1-4
ഫണ്ട് വിനിയോഗം	1-5
പദ്ധതി അവലോകനം	1-6
തനത് വരുമാനം	1-7
ക്ഷേമപദ്ധതികൾ	1-8
ആഭ്യന്തരനിയന്ത്രണം	1-9
മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
ഭാഗം 2--വരവുകണക്കുകൾ	
വസ്തുനികുതി അനർഹമായ ഇളവുകൾ	2-1
വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.	2-2
മൊബൈൽ ടവറുകളുടെ വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിനുശേഷം നാളിതുവരെ ഇൗടാക്കിയിട്ടില്ല	2-3
100 എം2 വിസ്തീർണ്ണത്തിന് മുകളിലുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പരുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം	2-4
നികുതി റിട്ടേണിൽ വരുമാനം കുറവ് രേഖപ്പെടുത്തുകയും ജീവനക്കാരെ ഉൾപ്പെടുത്താതിരിക്കും ചെയ്യുന്നു.	2-5
തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഇൗടാക്കുന്നതിൽ വീഴ്ച	2-6
തൊഴിൽ നികുതി രേഖകൾ ഹാജരാക്കിയില്ല	2-7
ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൽ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നു.	2-8
വാടക	2-9
മുൻവർഷങ്ങളിലെ ലേല കുടിശിക--നിയമ നടപടികൾ തീർപ്പായിട്ടില്ല	2-10
ഭാഗം 3--ചെലവുകണക്കുകൾ	
പഞ്ചായത്ത് വക സ്ഥലം അന്യാധീനപ്പെട്ടത് തിരികെ ഉടമസ്ഥതയിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല	3-1
തെരുവ് വിളക്കുകൾ സ്ഥാപിക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല	3-2
ഇ.എം.എസ്.ഭവന നിർമ്മാണം--പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്	3-3
കുടിവെള്ള വിതരണ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ--തുക മുൻകൂർ നൽകിയിട്ടും പ്രവൃത്തി നിർവ്വഹണം നാളിതുവരെ നടന്നിട്ടില്ല	3-4
സാനിട്ടറി യൂണിറ്റ് റ്റി.എസ്.സി.വിഹിതം ലഭ്യമായില്ല	3-5
തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്--രജിസ്റ്റർ അപൂർണ്ണം	3-6
കാലിത്തീറ്റ സബ്സിഡി വനിത പദ്ധതി--മാർഗ്ഗരേഖ പാലിച്ചിട്ടില്ല	3-7
മരാമത്ത് വേലകൾ--നാളിതുവരെ ആരംഭിച്ചിട്ടില്ല	3-8
ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
വായ്പ/ വായ്പ തിരിച്ചടവ്	4-4
സ്ഥിരനിക്ഷേപങ്ങൾ	4-5

ഓഡിറ്റ് റിക്കവറി	4-6
സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
ഓഡിറ്റ് പ്രത്യവലോകനം	4-8
തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-9

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1. ബജറ്റ്

2014-15വർഷത്തെ ബജറ്റ് 22/02/2014 തീയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	15515460.05	16015460.05	500000	
വരവ്	89707651	64324030		25383621
ആകെ	105223111.05	80339490.05		24883621
ചെലവ്	94482315.05	62632617		31849695.05
നീക്കിയിരിപ്പ്	10740799	17706873.05	6966074.05	

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2015	30.07.2015	ഇല്ല	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2014-15	17.10.2015	കെ.എസ്.എ.കെ.റ്റി.എം പി.14 / ജി.പി/ 60/2015/31.12.2015

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -16015460

വരവ് -64324030

ആകെ -80339490.05
ചെലവ് -62632617

നീക്കിയിരിപ്പ്-17706873.05

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	41784	8491000	8532784	8008401	524383	93.85
വികസനഫണ്ട് എസ്.സി.പി.	1388111	4899000	6287111	4403414	1883697	70.03
വികസനഫണ്ട് ടി.എസ്.പി.	39574	197000	236574	123999	112575	52.41
സംരക്ഷണഗ്രാന്റ് റോഡ്	482984	5972000	6454984	5498927	956057	85.18
സംരക്ഷണഗ്രാന്റ് നോൺറോഡ്	416490	2589000	3005490	1848404	1157086	61.5
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	5285	5625841	5631126	5339472	291654	94.8
പെർഫോമൻസ് ഗ്രാന്റ്	515106	2835000	3350106	510698	2839408	15.24
എം.എൻ.ആർ.ഇ.ജി.എസ്.	2579.5	2243364	2245943.5	2049142	196801.5	
ബി ഫണ്ട്	0	12785799	12785799	12785799	0	100

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
`205	56364682	158	37459662	-	47	77

2014-15 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.980/2014/DPC/DPO/KTM തീയതി 15.07.14 പ്രകാരം അംഗീകാരം ലഭിച്ചു.

<u>നേട്ടങ്ങളും കോട്ടങ്ങളും</u>

2014-15 വർഷത്തെ പദ്ധതിനിർവഹണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ചുവടെ സംഗ്രഹിക്കുന്നു.

മേഖല	നേട്ടങ്ങൾ	കോട്ടങ്ങൾ
ഉത്പാദനം	1.കാർഷികമേഖലയിൽ നെൽകൃഷി,നാളികേരകൃഷി, ജാതികൃഷി എന്നിവയ്ക്കായി 1740190 രൂപ ചെലവഴിച്ചു.	1.ഉല്പാദന വർദ്ധനവ് സംബന്ധിച്ച സ്ഥിതിവിവരണക്കണക്ക് ലഭ്യമല്ല.
	2.മൃഗസംരക്ഷണരംഗത്ത് കന്നുകുട്ടി പരിപാലനത്തിനായ് 625000 രൂപയും കാലിത്തീറ്റ സബ്സിഡിക്കായി 700000 രൂപയും ചെലവഴിച്ചു.	2. തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് പദ്ധതികൾ നടപ്പിലായില്ല.
	3.അറവുശാല നവീകരണം നടപ്പിലാക്കി.	3.ഉല്പന്നസംഭരണ/വിതരണത്തിന് ഉതകുന്ന സംരംഭങ്ങൾ നിർവഹിച്ചില്ല.
	4.മുടങ്ങിക്കിടന്ന വനിതാ വസ്ത്രനിർമ്മാണയൂണിറ്റിന്റെ നിർവഹണത്തിൽ പുരോഗതി	4.കാലപ്പഴക്കത്തിൽ കേടുപാടുകൾ സംഭവിച്ച വിത്തു സംഭരണകേന്ദ്രത്തിന്റെ പുനരുദ്ധാരണ നടപടികൾ നടപ്പിലായിട്ടില്ല.
		5.സംരഭകരിൽ സാങ്കേതികവൈദഗ്ദ്ധ്യം വളർത്താനുതകുന്ന പദ്ധതികൾ നടപ്പിലായിട്ടില്ല.

		6.മത്സ്യമേഖലയിൽ പദ്ധതികൾ നിർവഹിക്കപ്പെട്ടില്ല.
സേവനം	1.ഭവനനിർമ്മാണത്തിന് 730000 രൂപയും പട്ടികജാതിക്കാരുടെ ഭവനപുനരുദ്ധാരണത്തിന് 475000 രൂപയും ചെലവഴിച്ചു.	1.എല്ലാഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.
	2.ഉറവിടമാലിന്യസംസ്കരണത്തിന് ബയോഗ്യാസ്പ്ലാന്റ് നൽകുന്നതിന് 472500 രൂപയും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ 814200 രൂപയുംവിനിയോഗിച്ചു.	2.വാട്ടർ അതോറിറ്റിയിൽ തുക മുൻകൂർ അടച്ച കുടിവെള്ള പദ്ധതികൾ പലതും നിർവഹണം തുടങ്ങുകയോ / പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.
	3.വിവിധ കുടിവെള്ളപദ്ധതികളുടെ ദീർഘിപ്പിക്കലിനായ് 7 പദ്ധതികൾ മുഖേന 512500 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു.	3.പഞ്ചായത്ത് പരിധിയിൽ വരുന്ന പത്തോളം അങ്കണവാടികൾക്ക് സ്വന്തമായ് സ്ഥലവും കെട്ടിടവും ആയിട്ടില്ല.
	4.മൃഗാശുപത്ര/ഹോമിയ/ ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായ് 500000 രൂപ വിനിയോഗിച്ചു.	4.പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഭവനസന്ദർശനത്തിനായ് വാഹനസൗകര്യമില്ലാത്ത പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല.
	5.പാലിയേറ്റീവ്കെയർപദ്ധതിക്കായ് 356653 രൂപ ചെലവിട്ടു.	
പശ്ചാത്തലം	1.വിവിധറോഡുകൾനിർമ്മിക്കുകയും പുനരുദ്ധാരണം നടത്തുകയും ചെയ്തു.	1.ബ്ലോക്ക്/ജില്ലാ പഞ്ചായത്തുമായ് ഏകോപിപ്പിക്കാനുതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയില്ല.
	2.രണ്ട് അങ്കണവാടികൾക്ക്പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും രണ്ട് സ്കൂൾകെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുകയും ചെയതു.	2.ആസ്തിയുടെകൃത്യമായമൂല്യനിർണ്ണയം നടത്തിയിട്ടില്ല.
	3. 311 സി.എഫ് തെരുവ് വിളക്കുകൾ പുതിയതായ് സ്ഥാപിക്കപ്പെട്ടു.	

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായി.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം
നികുതി വരവുകൾ	2945582	1442157	1503425 (-)
നികുതിയേതര വരവുകൾ	49637890	55018427	5380537 (+)
ആകെ	52583472	56460584	3877112 (+)

1-8 തനതു ഫണ്ട് ചെലവുകൾ

.വൗച്ചറുകൾ മാസക്രമത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

.തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	253560	174
കർഷകതൊഴിലാളി പെൻഷൻ	3373011	438
വിധവാപെൻഷൻ	3826718	513
വാർദ്ധക്യകാലപെൻഷൻ	33099040	315
വികലാംഗപെൻഷൻ	1588527	162
അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	387163	

1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01/07/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8418 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ് എന്നാൽ പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന ഡിമാന്റ് ഡ്രാഫ്റ്റിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വസ്തുനികുതിയിനത്തിൽ ഒഴിവ് നൽകുന്ന കെട്ടിടങ്ങളുടെ ഇന വിവരം പ്രതിപാദിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	08/06/2015-10/06/15	2014-15	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03/15	2012-13	LBA(HQ/11/88-2144/84 Dt.30.06.2014

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വസ്തുനികുതി-അനർഹമായ ഇളവുകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, താഴെപറയുന്ന കെട്ടിടങ്ങളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു.

കെട്ടിട നം	ഉടമയുടെ പേര് വിലാസം
6/431	Administrator, Nursing School, MercyHospital, Pothy
6/450A	Administrator, MercyHospital, Pothy
6/450B	"

6/73B	Mathai Varghese, Madiyappallimyalil
2/105A	V.J.Pappu, Executive and trustee, Thalayolaparambu
6/191	M. N.Krishnakumar, Pothy
8/435	Mother Superior, Little Flower Convent
14/348A	Administrative Officer,Vaikom Devaswam

കെട്ടിടങ്ങളെ ഒഴിവാക്കാനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാകകുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8) മറുപടി ലഭ്യമാക്കിയില്ല. അനർഹമായ വസ്തുനികുതി ഇളവുകൾ കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമായി കണക്കാക്കുന്നതാണ്.

2-2 വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം ഗ്രാമപഞ്ചായത്തിൽ അവസാനഘട്ടത്തിലാണ്. 2014-15 ലെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ 31,27,297/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പഞ്ചായത്തിൽ ലഭിക്കേണ്ട നികുതി വരവുകൾ കൃത്യമായി പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി -നികുതി നിർണ്ണയം നടത്തിയതിനുശേഷം നാളിതുവരെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി വിവിധ മൊബൈൽ കമ്പനികളുടെ 8 ടവറുകൾ സ്ഥാപിച്ചിട്ടുണ്ട് ഇവയുടെ നികുതി 2013-14 സാമ്പത്തിക വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല. ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ.നം.	കെട്ടിട നം.	വിസ്തീർണ്ണം	ഉടമയുടെ വിശദാംശങ്ങൾ	പഴയ നികുതി	പുതുക്കിയ നികുതി	കുടിശിക
1	2/332 C	12 ച.മീ.	WTTIL എസ്.എൻ.പ്ലാസ, പാലാരിവട്ടം	2500	31250	13-14 മുതൽ
2	7/277 A	12 ച.മീ.	M/s.ഭാരതി സെല്ലുലാർ ലിമിറ്റഡ് ഇൻഡസ് ടവർ, പാടിവട്ടം	259	6000	13-14 മുതൽ
3	7/276 A	12 ച.മീ.	M/s വയോമ നെറ്റ് വർക്ക് J & co., ചേമ്പർ, മണിമല റോഡ്, ഇടപ്പള്ളി	259	5400	13-14 മുതൽ
4	9/297 A	12 ച.മീ.	ടാറ്റ ടെലി സർവ്വീസസ് ലിമിറ്റഡ് എസ്.എൽ.പ്ലാസ പാലാരിവട്ടം	180	6600	13-14 മുതൽ
5	5/89 A	15 ച.മീ.	റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്	216	6750	12-13 മുതൽ
6	I/615 A	544 ച.മീ.	ബിജു റ്റി.നായർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് ലിമി.	2720	3264	12-13 മുതൽ
7	15/303	10 ച.മീ.	സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.സബ്ഡിവിഷൻ	173	4500	12-13 മുതൽ
8	12/326 A	14 ച.മീ.	ഇൻഡസ് ടവർ ലിമിറ്റഡ്	648	7700	12-13 മുതൽ

ടവർ നടത്തിപ്പ് കമ്പനികൾക്ക് നികുതി കുടിശിക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല. കാലങ്ങളായുള്ള നികുതി കുടിശിക ഡിമാന്റ് ചെയ്യപ്പെടാത്തതിനാൽ കാലഹരണപ്പെടാൻ സാധ്യതയുണ്ട്. അപ്രകാരം ഉണ്ടാകുന്ന നഷ്ടത്തിന് കാലാകാലങ്ങളിലെ സെക്രട്ടറിമാർ ഉത്തരവാദികളാകുന്നതാണ്. എല്ലാ ടവറുകളുടേയും കുടിശികയുൾപ്പെടെയുള്ള നികുതി ഇൗടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2-4 100 ച.മീറ്റർ വിസ്തീർണ്ണത്തിന് മുകളിലുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു

മൂലം നികുതിയിനത്തിൽ നഷ്ടം

1)പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ 19.02.2011 ലെ എ്വ.2.6036/11 വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	കെട്ടിട ഉടമയുടെ പേര്, വിലാസം	കെട്ടിടനം	വിസ്തീർണ്ണം (ച..മീ)	നിർണയിച്ച നികുതി	നിർണ്ണയിക്കേണ്ടിയിരുന്ന നികുതി	നഷ്ടം
1	തുളസി കൃഷ്ണമംഗലത്ത്	10/26A	124.369m2	8706(@70)	9647(137.81 m2 @70)	
		10/26B	13.441m2	404(@30)		
	ആകെ		137.81m2	9110	9647	537
2	നാരായണൻ നായർ,നങ്ങിരോടത്ത്	I/709A	288m2	19440(288m2(@50, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ടൈൽസ് വർദ്ധനവ്-15%),	{28960 (288m2 @50, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%, ടൈൽസ് വർദ്ധനവ്-15%)+(119.3m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%, ബഹുനില, ചട്ടം 9(5)ന്റെ അടിസ്ഥാനത്തിൽ ഇളവ്-5%)((Completion plan പ്രകാരം ആകെ വിസ്തീർണ്ണം stair cabin area 11.9m2 ഉൾപ്പെടെ 407.3m2 ആണ്)}	
		1/709B	88.1m2	3014(88.1m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%, ബഹുനില, ചട്ടം 9(5)ന്റെ അടിസ്ഥാനത്തിൽ ഇളവ്-5%)		
		1/709C	19m2	650 (19m2@30 റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%, ബഹുനില, ചട്ടം 9(5)ന്റെ അടിസ്ഥാനത്തിൽ ഇളവ്-5%)		
	ആകെ		395.1m2	23104	28960	5856
3	ജോസഫ് സേവ്യർ, കാണാത്ത്	III/114J	20m2	720(20 m2@ 30 റോഡിന്റെ	18082{(135m2@50)+(142m2 @70 റോഡിന്റെ അടിസ്ഥാനത്തിൽ	

				അടിസ്ഥാനത്തിൽ വർദ്ധനവ്-20%)”	വർദ്ധനവ്-20%, ബഹുനില, ചട്ടം 9(5)ന്റെ അടിസ്ഥാനത്തിൽ ഇളവ്-5%), completion plan പ്രകാരംആകെ വിസ്തീർണ്ണം stair case cabin 19.58m2 ഉൾപ്പെടെ 277.58m2 ആണ്}	
		III/114K	20m2	720"		
		III/114L	20m2	720”		
		III/114M	63m2	2268”		
		III/114N	135 m2	8100{135 m2@ 50, (ആഫീസ് ആവശ്യത്തിന് അനുവദിക്കുന്ന നിരക്ക്)റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%}		
	ആകെ		258m2	12528	18082	5554
						ആകെ – 11947

2)2012-13 വർഷം നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീ .ജോസഫ് സേവ്യർ എന്ന ആളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന മുറികൾക്ക് അവയെ വ്യതസ്ത മുറികളാക്കി കണക്കാക്കി തുടർച്ചയായി നമ്പർ നൽകിനികുതിനിർണ്ണയം നടത്തി. വിഭജിച്ച് നികുതി നിർണ്ണയം നടത്തിയതുമൂലം 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 30/- രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്. ഇതു മൂലം സംഭവിച്ച നികുതി നഷ്ടം ചുവടെ ചേർക്കുന്നു.

കെട്ടിട നം	വിസ്തീർണ്ണം(ച.മീ)	നിർണയിച്ച വസ്തുനികുതി (ഇളവുകൾ/വർധനവ് വിവരങ്ങൾ നിർണ്ണയ രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല)
III/114A	20	870
III/114B	20	870
III/114C	22	958
III/114D	22	958
III/114E	41	1784
III/114F	20	870
III/114G	19	828
III/114H	22	958
III/114I	39	1698
ആകെ	225	9794

വസ്തുനികുതി ഒന്നായി കണക്കാക്കിയിരുന്നുവെങ്കിൽ ടി കെട്ടിടത്തിന് കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാനവസ്തുനികുതി 70 രൂപ നിരക്കിൽ 15750 രൂപയും (225x70) റോഡ് തരം വർധന 20% (ഫോം 6 ൽ നിന്നും റോഡിന്റെ അടിസ്ഥാനത്തിൽ 20%വർധന) കണക്കാക്കുമ്പോൾ നിർണയിക്കേണ്ട നികുതി 18900 രൂപയും ആണ്. വസ്തുനികുതി ഒന്നായി കണക്കാക്കാത്തതുമൂലം പഞ്ചായത്തിന് നികുതി ഇനത്തിൽ 2014-15 വർഷവും 9106 രൂപയുടെ നഷ്ടം ഉണ്ടായി.

ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.6) മറുപടി ലഭിച്ചില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(എ) വകുപ്പ് പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ ടി വകുപ്പ് രണ്ടാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ടി വകുപ്പ് ഏഴാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്നപക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിയമപ്രകാരം വെവ്വേറെ ഉപയോഗങ്ങളോ ഘടകങ്ങളോ ഉള്ളതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി) ചട്ടങ്ങളിൽ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ ഉടമസ്ഥതയിൽ ആണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കാവുന്നതാണ്.എന്നാൽ തക്കതായ കാരണങ്ങൾ എന്താണെന്ന് പ്രത്യേകം നിർവ്വചിക്കപ്പെട്ടിട്ടില്ല. നിർവ്വചിക്കപ്പെടാത്ത കാരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേധാവിയ്ക്ക് സ്വയം കണ്ടെത്താൻ കഴിയുകയുമില്ല. ഓരോ കടമുറികളും പ്രത്യേകം വാടകയ്ക്ക് നൽകുന്നു എന്നത് ഒരു കാരണമായി കണക്കാക്കാനും കഴിയുകയില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി ഉത്തരവാദിത്തത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ചതിനാണ് പഞ്ചായത്ത് ഫണ്ടിന് 2014-15 വർഷം 21,053/- രൂപ (11947+9106) രൂപയുടെ നഷ്ടം ഉണ്ടായി. നഷ്ടം ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നോ, തെറ്റായി നികുതി നിർണ്ണയം നടത്തിയ സെക്രട്ടറി ശ്രീ.രാജേഷ് ടി.വർഗ്ഗീസിൽ നിന്നോ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികൾക്കെതിരെ ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

2-5 നികുതി റിട്ടേണിൽ വരുമാനം കറവ് രേഖപ്പെടുത്തുകയും ജീവനക്കാരെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നു

2014-15 കാലയളവിൽ ചില സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള തൊഴിൽ നികുതി റിട്ടേണിൽ വരുമാനം കറവ് രേഖപ്പെടുത്തുകയും ജീവനക്കാരെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിരിക്കുന്നു. ഉദാ. 35 ജീവനക്കാർ സേവനം ചെയ്യുന്ന സെന്റ്. ജോർജ്ജ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാരുടെ വരുമാനം സർക്കാർ നിർദേശ പ്രകാരമുള്ള മിനിമം തൊഴിൽ വേതന നിരക്കിനേക്കാൾ വളരെ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ധ്യാപകരുടെ അർദ്ധവാർഷിക വരുമാനം 24650/- രൂപയും (പ്രതിമാസം 4108/- രൂപ) ഡ്രൈവറൻമാരുടെ അർദ്ധവാർഷിക വരുമാനം 13350/- രൂപയുമാണ് (പ്രതിമാസം 2225/- രൂപ) സ്ഥാപന മേധാവി തൊഴിൽ നികുതി റിട്ടേണിൽ കാണിച്ചിരിക്കുന്നത്. കൂടാതെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം ഒൻപത് ഡോക്ടർമാർ സേവനം ചെയ്യുന്ന മേഴ്സി ഹോസ്പിറ്റൽ പൊതി എന്ന സ്ഥാപനത്തിൽ പ്രസ്തുത ഹോസ്പിറ്റലിൽ സേവനം ചെയ്യുന്ന നേഴ്സ്മാരാരെയും ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം പ്രഥമദൃഷ്ട്യാ തന്നെ അപാകതകൾ കാണുന്ന നികുതി റിട്ടേണുകളിൽ മേൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിനർഹമായ തൊഴിൽ നികുതി ഈടക്കേണ്ടതാണ്.

2-6 തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

2014-15 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ചില ഉദ. താഴെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം	ഒടുക്കാത്ത നികുതിയിനം
1	സിവിൽ സപ്ലൈസ് (ലാഭം സ്റ്റോഴ്സ്)	I'st & II'nd	സ്ഥാപന തൊഴിൽ നികുതി
2	വടയാർ കർഷക സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് (നം.3077)	I'st	സ്ഥാപന തൊഴിൽ നികുതി
3	തിരുപുരം ദേവസ്വം	II'nd	തൊഴിൽ നികുതി
4	ഹോട്ടൽ ഗോൾഡൻ പാർക്ക്	I'st & II'nd	തൊഴിൽ നികുതി

5	ICM കംമ്പ്യൂട്ടേഴ്സ്	I'st & II'nd	തൊഴിൽ നികുതി & സ്ഥാപന തൊഴിൽ നികുതി
6	യെങ് - ഇൻഡ്യാ ITI	I'st & II'nd	തൊഴിൽ നികുതി & സ്ഥാപന തൊഴിൽ നികുതി

മേൽ പട്ടിക പ്രകാരമുള്ള സ്ഥാപങ്ങളിൽ നിന്നും കുടിശിക സഹിതം തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-7 തൊഴിൽ നികുതി രേഖകൾ ഹാജരാക്കിയില്ല

തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ 2014-15 വർഷത്തെ രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റുകൾ (സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന) ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച എൻക്വയറി (നം.03) നൽകിയതിന് ബന്ധപ്പെട്ട സെക്ഷൻ മറുപടി നൽകിയതുമില്ല. 2014-15 വർഷത്തെ രണ്ടാം അർദ്ധവാർഷിക വരുമാന പത്രികകൾ ലഭ്യമാക്കി ഓഡിറ്റിന് പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

2-8 ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൽ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നു

തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ 2014-15കാലയളവിലെ ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ 40 ശതമാനത്തോളം അപേക്ഷകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം/ സ്ഥാപനം എന്നിവ പരിശോധിച്ച് പരിശോധന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. അതോടൊപ്പം തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകളിൽ സ്ഥലം/ സ്ഥാപനം പരിശോധിച്ച തിയ്യതി, സ്ഥാപനത്തിലെ ജീവനക്കാരുടെ കൃത്യമായ എണ്ണം, ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ? ലൈസൻസ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ? ഖര- ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി തൃപ്തികരമാണോ? സ്ഥാപനത്തിനെതിരെ പരിസരവാസികൾക്ക് പരാതിയുണ്ടോ? മുതലായ പ്രധാനപ്പെട്ട കാര്യങ്ങൾ പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുമില്ല. കൂടാതെ പരിശോധന റിപ്പോർട്ട് തയ്യാറാക്കാത്ത പല അപേക്ഷകളിലും സെക്രട്ടറി ലൈസൻസ് അനുവദിച്ചതായി കാണുന്നു ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷകൻ	കെട്ടിട നം.	ആവശ്യം
1	സി. എസ്. അബീബ്	922/K, L, M, N, P&Q	സിതാര ഷോപ്പിംഗ് സെന്റർ
2	റ്റി. എ സഫറുള്ള	6/908-909	സഫയർ ട്രഡേഴ്സ്
3	ഡോ. കെ.ജി. മോഹനൻ	VI/436	ആയുർവ്വേദ മരുന്ന് വ്യാപാരം & ചികിത്സ
4	രാജീവ് ഡി.എസ്	1037	പച്ചക്കറി വ്യാപാരം
5	രമാദേവി. ആർ	462	ആയുർവ്വേദ മരുന്ന് വ്യാപാരം
6	മിന്റെക്സ് മിഷേൽ അറയ്ക്കൽ		ട്രേഡിംഗ് ഓഫീസ്
7	സിറാജ്ജുദ്ദീൻ റ്റി,എസ്	VI/563	ബേക്കറി അസംസ്കൃത സാധന വിൽപന ശാല

8	ഷിറാസ് മുഹമ്മദ്	126/K	ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് വിൽപന ശാല
9	അബ്ദുൾ നാസർ പി. റ്റി.	VI/931	ഇറച്ചി കോഴി& കോൾഡ് സ്റ്റോറേജ്

പഞ്ചായത്ത് പരിധിയിലെ കള്ള്ഷാപ്പുകൾ ഒന്നുപോലും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. ആയതിനാൽ കള്ള്ഷാപ്പുകൾ അനധികൃതമായി പ്രവർത്തിക്കുന്ന സാഹചര്യമാണ് സംജ്ജാതമായിട്ടുള്ളത്. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം എന്നതിലുപരി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സുരക്ഷിതമായും ശുചിത്വത്തോടുകൂടിയും സ്ഥാപനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഈ ലൈസൻസിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

2-9 വാടക

1. പഞ്ചായത്ത് കടമുറികൾ 2013-14 വർഷം കുത്തകകൊണ്ടവർക്ക് പ്രസ്തുത വർഷത്തെ വാടകനിരക്കിൽ അഞ്ചു ശതമാനം വർദ്ധനവിൽ 2014-15 വർഷം മുറികൾ അനുവദിക്കുന്നതിനാണ് പഞ്ചായത്ത് തീരുമാനിച്ചത്.(20.2.2014ലെ 6- ആം നം. തീരുമാനം)

ആയതുപ്രകാരമുള്ള വാടക വർദ്ധന താഴെപറയുന്ന മുറിയുടെ കാര്യത്തിൽ വരുത്തിയിട്ടില്ല. ആയത് തിരികെ ഈടാക്കേണ്ടതാണ്.

റൂം നം.	കുത്തകക്കാരൻ	2013-14ലെ മാസവാടക	2014-15ൽ ഈടാക്കേണ്ട മാസവാടക	2014-15ൽ ഈടാക്കേണ്ട ആകെ വാടക	ഈടാക്കിയ വാടക	കുറവ്
6/929	ആന്റണി കൊച്ചുപറമ്പിൽ, തലയോലപ്പറമ്പ്	208	218	2616	2496	120

2.വാടക ഈടാക്കിയതിൽ കുറവ്

റൂം നം.6/784 ലെ വാടകക്കാരനായ ശ്രീ. സി.ചാക്കോ, ഞാറവേലിയിൽ നിന്നും 2012-13 വർഷം 655 രൂപയ്ക്കു പകരം(2011-12 ലെ വാടക നിരക്കിന്റെ 5 ശതമാനം വർദ്ധനവിൽ)624 രൂപയാണ് വാടക ഈടാക്കിയത്.ഇതു പ്രകാരം 13-14 വർഷം 688രൂപയും 14-15വർഷം722രൂപയും പ്രതിമാസ വാടക ഈടാക്കേണ്ടപ്പോൾ ഈടാകകിയത് യഥാക്രമം 656 രൂപയും 689 രൂപയും ആണ്.14-15 വർഷം ആകെ 8664 രൂപ (722x12) വാടകയായ് ഈടാക്കേണ്ടപ്പോൾ ഈടാക്കിയത് 8268 രൂപമാത്രമാണ്. (689x12) കുറവ് വന്ന396 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇതേപോലം മുൻവർഷങ്ങളിീൽ കുറവ് വന്ന വാടകത്തുകയും തിരികെ ഈടാക്കേണ്ടതാണ്.

2-10 മുൻ വർഷങ്ങളിലെ ലേലകുടിശിക-നിയമ നടപടികൾ തീർപ്പായിട്ടില്ല.

2011-12 വർഷം ലേലം കൈക്കൊണ്ട കുത്തകക്കാർ ലേലത്തുക പൂർണ്ണമായും അടയ്ക്കാത്തതിനെത്തുടർന്ന് അവർക്കെതിരെ നിയമ നടപടികൾ തുടർന്നെങ്കിലും അവയിൽ നാളിതുവരെ തീർപ്പുണ്ടായിട്ടില്ല. പ്രസ്തുത തുക പഞ്ചായത്തിന് കിട്ടാനുള്ള തുകയിൽപ്പെടുത്തി പഞ്ചായത്ത് കണക്കിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുത്തകക്കാരൻ	കുത്തകയിനം	നൽകാനുള്ള തുക	കേസ് നം.	കോടതി
കൃഷ്ണൻകുട്ടി രേഷ്മഭവൻ, തലയോലപ്പറമ്പ്	പടിഞ്ഞാറേ മീറ്റ്സ്റ്റാളിൽ മാംസം വില്ക്കാനുള്ള അവകാശം	100033	ST.2338/13	JFCM വൈക്കം
മൈസൺ സി പാണി, നിരപ്പത്ത്, വടകര	ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ്	57252	ST.2339/13	-ടി-
-ടി-	ബസ്സ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ്	23854	ST.2335/13	-ടി-

വർഗ്ഗീസ്, മൈലാത്ത്പള്ളിൽ തലയാഴം	വടയാർപ്രദേശത്ത് മാംസവില്പന	11692	ST.2336/13	-ടി-

പ്രസ്തുത കുടിശിക വാർഷിക കണക്കിൽ യഥാവിധി കിട്ടാനുള്ള തുകയുടെ ഗണത്തിൽ വരവുവയ്ക്കുകയും നിയമ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വസൂലാക്കുകയും ചെയ്യേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പഞ്ചായത്തുവക സ്ഥലം അന്യാധീനപ്പെട്ടത്-തിരികെ ഉടമസ്ഥതയിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല

വടയാർ വില്ലേജിൽ സർവ്വേ നം.204/1ൽ ഉൾപ്പെട്ട1.68ഏക്കർസ്ഥലം ശ്രീ.കുരുവിളജോസഫ്, കൊല്ലംപറമ്പിൽ എന്നയാളിൽ നിന്നും 1958ൽ ഭൂമിയേറ്റെടുക്കൽ നടപടിയിലൂടെ സർക്കാർ പൊന്നുംവിലയേക്കറ്റെടുത്ത് തലയോലപ്പറമ്പ് ഗവ.സ്കൂളിന് നൽകിയതും 1983ൽ സർക്കാർ ഉത്തരവ് മുഖേനതലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ കൈവശാവകാശത്തിൽ വന്നുപെട്ടതുമായ സ്ഥലമാണ്. എന്നാൽ ഇതുസംബന്ധമായ കൃത്യമായ ഭൂരേഖകൾ പഞ്ചായത്തിന്റെ കൈവശമില്ലന്നാണ് മനസ്സിലാകുന്നത്. പ്രസ്തുത ഭൂമിയിൽപ്പെട്ട പത്ത് സെന്റ് സ്ഥലം ശ്രീ.കുരുവിളജോസഫിന്റെ അനന്തരാവകാശി ശ്രീ.അബ്രഹാംജോസഫ്,കൊല്ലംപറമ്പിൽ എന്നയാൾ ശ്രീ.കെ.പി.കുട്ടൻ എന്നയാൾക്ക്പത്തുലക്ഷം രൂപ ഈടാക്കി തീറ് നടത്തി രജിസ്ട്രേഷൻ ചെയ്യുകയുണ്ടായി.ശ്രീ.കെ.പി.കുട്ടൻ എന്നയാൾ സ്വന്തമായി ഭൂമിവാങ്ങാൻ ശേഷിയില്ലാത്തതിനാൽ സൗജന്യമായിഭൂമിയനുവദിച്ചുകിട്ടാൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചയാൾ എന്നാണ് മനസിലാകുന്നത്. പ്രസ്തുത ഭൂമിയുടെക്രയവിക്രയം നിയമാനുസൃതമല്ലന്ന വസ്തുത ചൂണ്ടിക്കാണിച്ച് പഞ്ചായത്ത് തുടർ നടപടികൾക്കായ് റവന്യൂ അധികാരികൾക്ക് പരാതി നൽകുകയും രജിസ്ട്രേഷൻ വകുപ്പിലെ ഡെപ്യൂട്ടി ഐജി ഇതുസംബന്ധിച്ച് അന്വേഷണം നടത്തുകയും പ്രസ്തുത ഭൂമികൈമാറ്റം ക്രമാനുസൃതമല്ലെന്നും ടി ഭൂമി പഞ്ചായത്തധീനതയിലുള്ളതാണന്നും ആയതിനാൽ പ്രസ്തുത ആധാരം റദ്ദുചെയ്യേണ്ടതാണന്നും റിപ്പോർട്ട് നൽകിയതായ് പഞ്ചായത്തു രേഖകളിൽ നിന്നും വ്യക്തമാകുന്നു.ആയത്പ്രകാരം ആധാരം റദ്ദുചെയ്ത് ഭൂമി പഞ്ചായത്തധീനതയിൽ തിരികെ ലഭ്യമാക്കിയത് സംബന്ധിച്ച തുടർനടപടികളുടെ വിവരം ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകൾ നിലനിൽക്കുന്നതായ് കാണുന്നു. പഞ്ചായത്തധീനതയിലുള്ള ഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കുന്നതിനും ആയത് അളന്ന് തിരിച്ച് എലുകകൾ തീർത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2 തെരുവ് വിളക്കുകൾസ്ഥാപിക്കൽ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

പ്രോജക്ട് നം.-23/15 അടങ്കൽ-400000 നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധവാർഡുകളിൽ 311സി.എഫ് ലാമ്പുകൾ സ്ഥാപിക്കുന്നതിന് ചുവടെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ നം.	തുക	തുകനൽകിയത്	ഡിഡിനം.
51400380/30.7.2014	395592	എഡിസൺഇലക്ട്രോണിക്സ്, തിരുവാങ്കുളം	

സർക്കാർ ഉത്തരവ് (എംഎസ്) 362/2013 തസ്വഭ തീ.16.11.2013 ഖണ്ഡിക 7.9 പ്രകാരം എൽ ഇ ഡി ലാമ്പുകൾ ആണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായ് വാങ്ങേണ്ടത്. സിഎഫ് ലാമ്പുകൾ വാങ്ങിയതിലൂടെ പ്രസ്തുത നിർദ്ദേശം പദ്ധതി നിർവഹണത്തിൽ പാലിച്ചില്ല. കൂടാതെ പ്രസ്തുത വിളക്കുകൾ കെ.എസ്.ഇ.ബിയുടെ അനുമതിയോടെ പോസ്റ്റുകളിൽ സ്ഥാപിച്ചതിന് രേഖാപരമായ തെളിവുകൾ ഫയലിൽ ലഭ്യമാകുന്നില്ല. സിഎഫ് ലാമ്പുകൾ സ്ഥാപിച്ചുവെങ്കിലും അത് വൈദ്യുതിചാർജിനത്തിൽ പഞ്ചായത്ത് ഒടുക്കേണ്ടതായ തുകയിൽ ഗുണപരമായ മാറ്റം വരുത്തിയതായ് വ്യക്തമാകുന്നില്ല. പ്രസ്തുത വിളക്കുകൾ സ്ഥാപിക്കുന്നതിന് മുമ്പ് ഈ ഇനത്തിൽ പഞ്ചായത്ത് ഒടുക്കിക്കൊണ്ടിരുന്ന തുക (കൺസ്യൂമർ നം.372) 67885 രൂപയായിരുന്നെങ്കിൽ പ്രസ്തുത വിളക്കുകൾ സ്ഥാപിച്ചതിനുശേഷം ഇത് പ്രതിമാസം 83488 രൂപയായ് വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15) മറുപടി ലഭ്യമായിട്ടില്ല.

3-3 ഇ.എം.എസ്. ഭവനനിർമാണം- പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഇ.എം.എസ്. ഭവനനിർമാണത്തിനായി ഗ്രാമപഞ്ചായത്തുമായി 169 പേർ കരാറിൽ ഏർപ്പെട്ടിരുന്നതിൽ 02ഗുണഭോക്താക്കൾ വാങ്ങിയ ഗഡുക്കൾ തിരികെ അടയ്ക്കുകയും16 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്, വിലാസം	ആദ്യ ഗഡു തുക കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക
1	ജോയി, കദളിക്കാട്ട്	08/06/10	52,500/-
2	ജോസഫൈൻ ജോസഫ്, കളത്തിപ്പറമ്പിൽ	10/06/10	52,500/-
3	മഞ്ജു, പൈനാപ്പിള്ളിൽ	17/06/10	52,500/-
4	ജോസഫ് റ്റി.ജെ., പുതുപ്പറമ്പിൽ	02/07/10	52,500/-
5	മുകുന്ദൻ, തറയിൽ	06/07/10	52,500/-
6	വേണു റ്റി.ആർ, ഉഷാസദനം	06/07/10	22,500/-
7	വിശ്വഭരൻ, കറുകത്തറ	06/07/10	52,500/-
8	അംമ്പുജാക്ഷൻ, വട്ടക്കേരിത്തറ	19/07/10	1,02,500/-
9	വർഗ്ഗീസ്, മണമേൽ	22/07/10	22,500/-
10	ഷാജി കെ.എസ്. വടക്കെമുരുകാലയം	22/07/10	1,22,500/-
11	പി. വി. ബേബി, പഴസട്ടിയിൽ	23/07/10	22,500/-
12	വേണുഗോപാൽ, തേനേത്ത്	27//07/10	45,000/-
13	റാഹേൽ, ഉപ്പിത്തറ	28/07/10	22,500/-
14	മണി, വാളവേലിൽ	18/09/10	22,500/-
15	ത്രേസ്യാമ്മ, അമ്പലത്തിൽ	03/05/12	90,000/-
16	രാജു, നെല്ലാനപ്പള്ളികാലായിൽ	11/06/10	67,500/-

സാമൂഹിക ജീവിതത്തിൽ വളരെയേറെ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഭവനനിർമ്മാണ പദ്ധതികളുടെ പരിപൂർണ്ണ വിജയത്തിനായി പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-4 കടിവെള്ളവിതരണപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-തുക മുൻകൂർ നൽകിയിട്ടും പ്രവൃത്തിനിർവഹണം നാളിതുവരെ നടന്നിട്ടില്ല.

വിവിധപ്രദേശങ്ങളിൽ കുടിവെള്ളവിതരണപൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം.	പദ്ധതിയുടെ പേര്	നൽകിയ തുക	ഡിഡി നം.
202/15	മിടായിക്കുന്നം ഭാഗം പൈപ്പ് ലൈൻ നീട്ടൽ	15000	267501/30.10.14
203/15	വാടാമറ്റംഭാഗം പൈപ്പ് ലൈൻ നീട്ടൽ	107500	269433/3.3.15
204/15	രണ്ടാം വാർഡിൽ	65000	267367/24.10.14
189/15	ചൂരാവേലി	147000	267366/24.10.14
206/15	വടയാർ ഗവ.എൽപിഎസ് മുതലക്കുഴി	30000	269430/3.3.15
207/15	കള്ളാട്ടിപ്പുറം കോരിക്കൽ	98000	267368/24.10.14 269431/3.3.15
213/15	തിരുപുരം വഴിയമ്പലം	50000	269673/7.3.15
	ആകെ	512500	

പ്രവൃത്തിനിർവഹണം സംബന്ധിച്ച് നിർവഹണ ഏജൻസിയുമായ് കരാർ വച്ചിട്ടുണ്ടെങ്കിലും വർക്ക് എപ്പോൾ തുടങ്ങുകയും അവസാനിക്കുകയും ചെയ്യും എന്ന് സൂചിപ്പിക്കുന്ന കരാർ വ്യവസ്ഥ പൂരിപ്പിച്ചിട്ടില്ല.(കരാർ വ്യവസ്ഥ ക്രമനം. 6) വാട്ടർ അതോറിറ്റി നാളിതുവരെ വർക്ക് തുടങ്ങുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ 5,12,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം പരിഹരിക്കേണ്ടതാണ്.

3-5 സാനിട്ടറി യൂണിറ്റ്.റ്റി.എസ്.സി വിഹിതം ലഭ്യമായില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച സാനിട്ടറി യൂണിറ്റ് നിർമ്മാണം എന്ന പ്രോജക്ടിനായി (നമ്പർ 171/15) വികസനഫണ്ടിൽ നിന്നും തൻവർഷം നാലു ഗുണഭോക്താക്കൾക്കായി 32000 രൂപ ചെലവഴിച്ചു. (വൗച്ചർ നമ്പർ 21401299/24.3.15, 21401350, 21401351, 21401352/31.3.15). തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 16.11.2013 ലെ 362/2013 നമ്പർ ഉത്തരവു പ്രകാരം സമ്പൂർണ്ണശുചിത്വപദ്ധതിയുടെ ധനസഹായം വകയിരുത്തിയശേഷം അധികം നൽകേണ്ട തുകയായിരിക്കണം തദ്ദേശസ്ഥാപനത്തിന്റെ വിഹിതമായി പ്രോജക്ടിൽ വകയിരുത്തേണ്ടത്. എന്നാൽ തൻവർഷം ടി.എസ്.സി വിഹിതം ലഭ്യമായില്ല. പൂർണ്ണമായും വികസനഫണ്ട് ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

3-6 തെരുവുവിളക്കുകളുടെ കറന്റ് ചാർജ്-രജിസ്റ്റർ അപൂർണ്ണം

2014-15 വർഷം തെരുവ് വിളക്കുകളുടെ കറന്റ് ചാർജിനത്തിൽ ആകെ 973812 രൂപ (ആകെ14 കൺസ്യൂമർ നമ്പരുകൾ)അടവാക്കിയിട്ടുണ്ട്. 4/14 മുതൽ 10/14 വരെ 72305 രൂപ വീതവും 11/14 മുതൽ 3/15 വരെ 88636 രൂപ വീതവും കറന്റ് ചാർജ് ഇനത്തിൽ ചെലവഴിച്ചു. അരിയർ തുകയായി 24497 രൂപയും ഒടുക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം,ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിനും നിലവിൽ വ്യക്തതയില്ല. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, നിലവിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം, തരം എന്നിവ നിർണ്ണയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കറന്റ്ചാർജ്ജ് പുനർനിർണ്ണയിക്കേണ്ടതുമാണ്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാവുന്നതുമാണ്.

3-7 കാലിത്തീറ്റ സബ്സിഡി വനിത പദ്ധതി– മാർഗ്ഗ രേഖ പാലിച്ചിട്ടില്ല

പ്രോജക്ട് നം. S0015/15

കാലിത്തീറ്റ സബ്സിഡി വനിത

അടങ്കൽ തുക – 27,07,386/-

വിതരണം നടത്തുന്നതിനായി കാലിത്തീറ്റ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ (ഇൻവോയ്സ് ഉൾപ്പെടെ) ഫയലിൽ ലഭ്യമല്ല. ആയതിനാൽകേരള ഫീഡ്സ് അല്ലങ്കിൽ മിൽമ കാലിത്തീറ്റയായിരിക്കണം കർഷകർക്ക് വിതരണം ചെയ്യേണ്ടതെന്ന സർക്കാർ മൃഗസംരക്ഷണം ക്ഷീരവികസനം സബ്സിഡി മാർഗ്ഗ രേഖ ജി.ഒ. (എം. എസ്) 362/2013 തസ്വഭവ തിയതി 16.11.2013 നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ അളന്ന പാലിന്റെ അളവ് കണക്കാക്കിയാണ് സബ്സിഡി നൽകേണ്ടതെന്നിരിക്കെ തലയോലപ്പറമ്പ്, വടയാർ എന്നീ ക്ഷീരസംഘങ്ങളിലെ ഗുണഭോക്താക്കളായിട്ടുള്ള ക്ഷീരകർഷകർ 2014 സെപ്റ്റംബർ മുതൽ 2015 ഫെബ്രുവരി വരെ കാലയളവിൽ സംഘത്തിൽ അളന്ന പാലിന്റെ അളവ് കണക്കാക്കാതെയാണ് രണ്ടാം ഗഡു സബ്സിഡി കാലിത്തീറ്റ അനുവദിച്ചിരിക്കുന്നത്. ആയതിനാൽ കാലിത്തീറ്റ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട രേഖകളും, തലയോലപ്പറമ്പ്, വടയാർ എന്നീ ക്ഷീരസംഘങ്ങളിലെ ഗുണഭോക്താക്കളായിട്ടുള്ള ക്ഷീരകർഷകർ 2014 സെപ്റ്റംബർ മുതൽ 2015 ഫെബ്രുവരി വരെ കാലയളവിൽ സംഘത്തിൽ അളന്ന പാലിന്റെ അളവ് കണക്കാക്കി അതാത് ക്ഷീരസംഘ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോടെയുള്ള രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-8 മരാമത്ത് വേലകൾ-നാളിതുവരെ ആരംഭിച്ചിട്ടില്ല

2014-15വർഷം ആവിഷ്കരിച്ച താഴെ പറയുന്ന മരാമത്ത് വേലകൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് നം,പേര്	അടങ്കൽ	കരാറുകാരൻ	കരാർ	പൂർത്തീകരണ തീയതി
134/15,പി. എച്ച്. സി. സബ്സെന്റർ ഭൂതങ്കേരി മെയിന്റനൻസ്	125000,MG(NR)	K.D.ദേവരാജൻ	134/AE/PW/14-15/ dt 24.3.15	2 മാസം
141/15,അങ്കണവാടി 136 കുഴപ്പുറത്ത് മെയിന്റനൻസ്	50000,MG(NR)	സുഹാസ് R	55/AE/PW/14-15/TLY dt 28.10.14	4 മാസം

പ്രവർത്തികൾ നാളിതുവരെ ആരംഭിക്കാത്തതിന് കരാറുരാർക്കെതിരെ കരാർ ലംഘനത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാക്കാത്ത പക്ഷം കരാർ ലംഘനത്തിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത് കടുത്തുരുത്തി	15.11.14	100000	പാലിയേറ്റീവ് കെയർ	100000	0
ബ്ലോക്ക് പഞ്ചായത്ത് കടുത്തുരുത്തി	12.3.15	100000	സ്കോളർഷിപ്പ്	100000	

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	രണ്ടാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ(204/15)	21400699	65000	-	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല
കേരള വാട്ടർ അതോറിറ്റി	കള്ളാട്ടിപ്പുറം കോരിക്കൽ പൈപ്പ് ലൈൻ നീട്ടൽ(207/15)	21400700	98000	-	"
കേരള വാട്ടർ അതോറിറ്റി	മിഠായിക്കുന്നം അങ്കണവാടിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ(202/15)	21400713	15000	-	"
കേരള വാട്ടർ അതോറിറ്റി	വടയാർ എൽ.പി.എസ് . മുതലക്കുഴി പൈപ്പ് ലൈൻ നീട്ടൽ (206/15)	21401166	30000	-	"
കേരള വാട്ടർ അതോറിറ്റി	തിരുപുരം വഴിയമ്പലം പൈപ്പ് ലൈൻ നീട്ടൽ (213/15)	21400712	50000	-	"
കേരള വാട്ടർ അതോറിറ്റി	വാടിമിറ്റം പൈപ്പ് ലൈൻ നീട്ടൽ (203/15)	21401164	107500		"
കേരള വാട്ടർ അതോറിറ്റി	ചൂരാവേലിൽ പൈപ്പ് ലൈൻ നീട്ടൽ (48/15)	21400698	147000		"

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 937500 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചിട്ടില്ല. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവന പദ്ധതി	ജി.ഒ.എം.എസ്. 7252010 എൽ.എസ്.ജി.ഡി. തീ. 4.3.10	12684000 (ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 7484000 രൂപയും വടയാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 5200000 രൂപയും)	4627947	-		5565447
	ജി.ഒ.എം.എസ്. 90/2013 എൽ.എസ്.ജി.ഡി. തീ. 14.3.13	1161000 (ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 691000 രൂപയും വടയാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 470000 രൂപയും)				

•

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1630426
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
ആകെ	1630426
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1795583(പലിശ ഉൾപ്പെടെ)

നിക്ഷേപത്തിന്റെ വിവരം	തുക
നമ്പർ 85025തീയതി 28.11.12, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്	863157(31.3.15 ലെ maturity തുക)
നമ്പർ 9226തീയതി 26.11.12, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്	932426 (31.3.15 ലെ maturity തുക)
ആകെ	1795583

4-6. ഓഡിറ്റ് റിക്കവറി

ടി വർഷം ലഭിച്ച 7,808/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് ഫീസ്

ക്രമ.നം.	വർഷം/ ഖണ്ഡിക	വരവ് /നഷ്ടം	ഒടുക്കിയ ആളുടെ പേര്	റസീപ്റ്റ്	ഫണ്ടിനം
1	12-13, ഖ.2-5	100	ശ്രീമതി കമല ദാസ്	11405103820/22.12.14	പഞ്ചായത്ത് ഫണ്ട്
2		50	ശ്രീ. സഹീർ റ്റി.കെ.	3822/22.12.14	"
3		50	ശ്രീ. ജോണി	3828/23.12.14	
4		50	ശ്രീ. റ്റി.എം.മാത്യു	3829/23.12.14	"
5		100	ശ്രീ. സാനു ശങ്കു	3862/24.12.14	"
6		50	ശ്രീ. അൻവർ എ.എച്ച്.	3870/24.12.14	"
7		50	ശ്രീ. സരിൻ പി.എസ്.	3878/24.12.14	"
8		100	ശ്രീ. കെ.രാമചന്ദ്രൻ നായർ	3879/24.12.14	"
9		50	ശ്രീ. അബ്ദുൾ കരീം	4881/28.01.15	"
10		100 200	ശ്രീ. അബ്ദുൾ റഷീദ്	5745/26.02.15	"
11	12-13 , ഖ.3-1	60	ശ്രീമതി റുക്കിയ കുഞ്ഞുമോൻ, മെമ്പർ	11405103857/23.12.14	"
12		60	ശ്രീമതി ലൗസി തോമസ്, മെമ്പർ	3849/23.12.14	"
13		60	ശ്രീമതി സോഫി ജോസഫ്, മെമ്പർ	3850/23.12.14	"
14		60	ശ്രീ. ജോസ് ജേക്കബ്, മെമ്പർ	3851/23.12.14	"
15		60	ശ്രീ. പ്രശോഭൻ	3852/23.12.14	"
16		60	ശ്രീമതി വിജയമ്മ ബാബു	3853/23.12.14	"
17		60	ശ്രീ. കെ.ഒ.തോമസ്	3854/23.12.14	"
18		60	ശ്രീമതി പത്മകുമാരി സോമൻ	3856/23.12.14	"
19	2001-02 ഖ.1	30	ശ്രീ. റ്റി.ജി.കനകാംബരൻ, മുൻ യു.ഡി.ക്ലാർക്ക്	11405100831/26.03.14	"
20	2004-05, ഖ 3-4	398	ശ്രീ. കെ.ജി.മുകുന്ദലാൽ, മുൻ യു.ഡി.ക്ലാർക്ക്	11405100230	"
21	2014-15	6000	ശ്രീ. ലിജോ ജോസ്, മുൻ അസിസ്റ്റന്റ് സെക്രട്ടറി	11405500105/26.03.15	"
	ആകെ	7808			

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	3(a)	2007-08	3-32-1	വസ്ത്രനിർമ്മാണ യൂണിറ്റ് അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല	

2002-03	ചെലവ് ഭാഗം 2 ഖ-19	2005-06	2-27-1	SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ	
1999-00	25ബി 33	2003-04	പേജ് 63	1.എർത്ത്ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് 10554 2.കർഷകർക്ക് വളം വിതരണം അധിക സബ്സിഡി-15608	
		2013-14	പ്രവർത്തന ക്ഷമതാ റിപ്പോർട്ടുകൾ ഖ 5-1 പേജ് 57,65,76		

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	64324030
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	62632617
വരവിനങ്ങളിലുള്ള നഷ്ടം	21053
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	512500

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-4	21053		ശ്രീ.രാജേഷ് ടി വർഗീസ്, സെക്രട്ടറി

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	512500	ശ്രീ.രാജേഷ് ടി.വർഗ്ഗീസ്, സെക്രട്ടറി

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u> – ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u> – ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.രാജേഷ് ടി വർഗ്ഗീസ്, സെക്രട്ടറി	സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്	തെക്കേപ്പറമ്പിൽ, മുത്തോലപുരം പി.ഒ, ഇലഞ്ഞി

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98 വരവ്	എൽ.എഫ്.കെ.പി5/1062/07/6.10.09
1998-99ചെലവ്	എൽ.എഫ്.കെ.പി5/562/അദാ/14/28.11.14
99-00ചെലവ്	എൽ.എഫ്.കെ.പി5/1006/അദാ/14/7.1.15
92-93, 93-94, 94-95, 95-96	എൽ.എഫ്.കെ.പി5/1099/07/6.10.09
98-99 വരവ്	എൽ.എഫ്.കെ.പി5/1096/07/6.10.09
99-00 വരവ്	എൽ.എഫ്.കെ.പി5/1097/07/6.10.09
പ്ളാൻ 00-01,01-02	എൽ.എഫ്.കെ.പി5/569/അദാ/14/7.1.15
00-01 വരവ്	എൽ.എഫ്.കെ.പി5/1098/07/14.9.09
01-02	എൽ.എഫ്.കെ.പി5/1082/08/9.10.09
2003-04	എൽ.എഫ്.കെ.പി 5/1084/08/26.3.10
2004-05	എൽ.എഫ്.കെ.പി5/989/09/6.12.10
2005-06	എൽ.എഫ്.കെ.പി5/354/10/14.6.11
2006-07	എൽ.എഫ്.കെ.പി1/960/അദാ1/06/11(6)/29.8.11
2007-08	എൽ.എഫ്.കെ.പി5/356/10/5.11.12
2008-09	എൽ.എഫ്.കെ.പി9/871/11/13.6.12
2009-10	എൽ.എഫ്.കെ.പി9/872/11/8.11.12
2010-11 & 2011-12	എൽ.എഫ്.കെ.പി9/920/13/3.2.14
2012-13	എൽ.എഫ്.കെ.പി9/585/14/21.4.15

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

അനുബന്ധം 1
ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ.കെടിഎം.പി.9-967/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886

ഇ-മെയിൽഃ doktm.ksad@kerala.gov.in
തീയതിഃ 12.07.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2014-15** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2014-15-ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം